**സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റ നടപടികൾ ചർച്ച ചെയ്യുന്നതിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 27.02.2023-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി നടന്ന യോഗം 4 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് രൂപീകരിച്ച് പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ എത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട പൊതുസ്ഥലംമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതു സംബന്ധിച്ച വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

യോഗത്തിൽ വകുപ്പ് തലവൻമാർ പൊതുസ്ഥലംമാറ്റ നടപടികളിൽ സ്വീകരിക്കേണ്ട നടപടികളും ആശങ്കകളും പങ്കുവെച്ചു.

തുടർന്ന് ഇൻഫർമേഷൻ കേരള മിഷൻ, പ്രതിനിധി ട്രാൻസ്ഫർ നടപടികൾ ഓൺലൈനായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങളെപ്പറ്റി സംസാരിച്ചു. Incumbency collection ഉള്ള ആപ്ലിക്കേഷൻ തയ്യാറായിട്ടുണ്ടെന്നും പുതിയ ഓഫീസുകളുടെ വിവര ശേഖരണം നടക്കുകയാണെന്നും യോഗത്തെ അറിയിച്ചു.

**ചർച്ചയ്ക്ക് ശേഷം യോഗം താഴെപ്പറയും പ്രകാരം തീരുമാനിക്കുകയുണ്ടായി.**

മാർച്ച് 5 - Incumbency collection ആരംഭിക്കും.
മാർച്ച് 5 - 20 — ഡാറ്റ എൻട്രി ( 15 ദിവസം)
മാർച്ച് 20 — പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സ്വീകരിച്ചുതുടങ്ങും. (7 ദിവസം)
മാർച്ച് 27 — അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി. (വെരിഫിക്കേഷൻ പൂർത്തിയാക്കാൻ 5 ദിവസം)
ഏപ്രിൽ 1 — അപേക്ഷയിന്മേലുള്ള വെരിഫിക്കേഷൻ പൂർത്തിയാക്കും.
ഏപ്രിൽ 1- കരട് ക്യൂ ലിസ്റ്റ് ഓൺലൈനായി പ്രസിദ്ധീകരിക്കും.
ഏപ്രിൽ 1 — 8 വരെ കരട് ലിസ്റ്റിന്മേൽ പരാതികൾ സ്വീകരിക്കും.
ഏപ്രിൽ 12 വരെ പരാതികൾ പരിശോധിക്കും.
ഏപ്രിൽ 13 — അന്തിമ ക്യൂ ലിസ്റ്റ് ഓൺലൈനായി പ്രസിദ്ധീകരിക്കും.
ഏപ്രിൽ 17 — കരട് ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കും.
(കരട് ലിസ്റ്റിന്മേൽ ആക്ഷേപം ഉന്നയിക്കുന്നതിന് 7 ദിവസം)
ഏപ്രിൽ 24 — അന്തിമ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കും.

സ്ഥലംമാറ്റ അപേക്ഷ സ്വീകരിക്കുന്നതിന് മുന്നോടിയായി Transfer Norms ചർച്ച ചെയ്യുന്നതിന് സർവ്വീസ് സംഘടനകളുമായി ഒരു യോഗം 02.03.2023 11.30 ന് ബഹു.

മന്ത്രിയുടെ നിയമസഭയിലുള്ള ചേമ്പറിൽ ചേരുന്നതിനും തീരുമാനിച്ചു.

യോഗം 4.35 PM-ന് അവസാനിച്ചു.

**അനുബന്ധം**

**ചർച്ചയിൽ പങ്കെടുത്തവർ**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ ഐ.എ.എസ് | അഡീഷണൽ ചീഫ് സെക്രട്ടറി |
| 2. | ശ്രീ. എച്ച്.ദിനേശൻ ഐ.എ.എസ് | ഡയറക്ടർ, LSGD (Rural) |
| 3. | ശ്രീ. അരുൺ കെ വിജയൻ ഐ.എ.എസ് | ഡയറക്ടർ, LSGD (Urban) |
| 4. | ശ്രീ. ജോൺസൺ കെ. | ചീഫ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് |
| 5. | ശ്രീ. അജയകുമാർ എസ് | സീനിയർ ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പ് (in-charge of CTP) |
| 6. | ശ്രീ. എം.എസ് ബിജുകുട്ടൻ | അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 7. | ശ്രീ. അനിൽകുമാർ ജി | അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 8. | ശ്രീമതി. പ്രീത കെ.എസ് | അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 9. | ശ്രീ. മിഷ എസ്.വി | പ്രോജക്ട് മാനേജർ, ഐ.കെ.എം |
| 10. | ശ്രീ. വിജിത് വി. നായർ | അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് |

M B RAJESH
MINISTER